REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-08-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ തുടക്കമിട്ട പ്രിഫക്ചർ പങ്കാളിത്ത സംരംഭം ഇരു രാജ്യങ്ങളും തമ്മിലെ വ്യാപാര - സാംസ്കാരിക ബന്ധത്തിന് ഉത്തേജനം നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **മസ്തിഷ്ക ജ്വരം തടയാൻ സംസ്ഥാനത്ത് 'ജലമാണ് ജീവൻ' ക്യാമ്പയിന് തുടക്കമായി.**
- **മണ്ണിടിച്ചിലുണ്ടായ താമരശ്ശേരി ചുരം വഴി വലിയ വാഹനങ്ങൾ നിയന്ത്രണ വിധേയമായി കടത്തിവിട്ട് തുടങ്ങി.**
- **ആനക്കാംപൊയിൽ-മേപ്പാടി തുരങ്കപാതയുടെ നിർമ്മാണം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **ജലരാജാവിനെ നിശ്ചയിക്കുന്ന നെഹ്റു ട്രോഫി ജലോത്സവം ആലപ്പുഴ പുന്നമടക്കായലിൽ തുടങ്ങി.**

## വാർത്തകൾ വിശദമായി

15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ തുടക്കമിട്ട പ്രിഫക്ചർ പങ്കാളിത്ത സംരംഭം ഇരു രാജ്യങ്ങളും തമ്മിലെ വ്യാപാരം സാങ്കേതികവിദ്യ, ടൂറിസം, സുരക്ഷ, സാംസ്കാരിക ബന്ധം എന്നിവയ്ക്ക് ഉത്തേജനം നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ജപ്പാനിലെ ടോക്യോയിലെ 16 പ്രിഫക്ചറുകളിലെ ഗവർണർമാരെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. ഇരു രാജ്യങ്ങളും തമ്മിലെ പുരാതന നാഗരിക ബന്ധങ്ങളിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ട സമകാലിക ഇന്ത്യ-ജപ്പാൻ ബന്ധങ്ങൾ തുടർന്നും അഭിവൃദ്ധി പ്രാപിച്ചതായും മോദി പറഞ്ഞു.

പുതിയ സംരംഭം പ്രയോജനപ്പെടുത്താനും ഉത്പാദനം, സാങ്കേതിക വിദ്യ, നവീകരണം, പുതുതലമുറ അടിസ്ഥാനസൗകര്യങ്ങൾ, സ്റ്റാർട്ട് അപ്പുകൾ, ചെറുകിട-ഇടത്തരം സംരംഭങ്ങൾ എന്നീ മേഖലകളിൽ പങ്കാളിത്തം സ്ഥാപിക്കാനും പ്രധാനമന്ത്രി പ്രിഫക്ചറുകളിലെ ഗവർണർമാരോടും ഇന്ത്യയിലെ സംസ്ഥാന ഗവൺമെന്റുകളോടും അഭ്യർത്ഥിച്ചു. ചർച്ചകൾക്ക് ശേഷം നരേന്ദ്രമോദിയും ജപ്പാൻ പ്രധാനമന്ത്രി ഷിഗേരു ഇഷിബയും ഷിംഗാൻസൻ ബുള്ളറ്റ് ട്രെയിനിൽ മിയാഗിയിലെ സെൻഡായിലെത്തി. അവിടെ ടോക്യോ ഇലക്ട്രോൺ ഫാക്ടറി ഇരു നേതാക്കളും സന്ദർശിച്ചു.

ഷാൻഹായ് ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ചൈനയിലേക്ക് പോകും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്ത് ' നാളെ രാവിലെ 11ന് ആകാശവാണി, ദൂരദർശൻ ശ്യംഖലകളിൽ പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിന്റെ 125-ാം പതിപ്പാണിത്.

✪✪✪

റഷ്യൻ പ്രസിഡന്റ് വ്ലാഡ്മിർ പുട്ടിൻ ഡിസംബറിൽ ഇന്ത്യ സന്ദർശിക്കുമെന്ന് ക്രെംലിൻ വിദേശ കാര്യവകുപ്പ് അറിയിച്ചു. മറ്റന്നാൾ ഷാൻഹായ് ഉച്ചകോടിയ്ക്കിടെ വ്ലാഡ്മിർ പുട്ടിനും പ്രധാനമന്ത്രി നരേന്ദ്രമോദിയും കൂടിക്കാഴ്ച നടത്തുമ്പോൾ സന്ദർശനത്തിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്യുമെന്നും അവർ പറഞ്ഞു.

✪✪✪

ജമ്മുകാശ്മീരിൽ മേഘവിസ്ഫോടനത്തിലും കനത്ത മഴയിലും മണ്ണിടിച്ചിലിലും പത്ത് പേർ മരിച്ചു.

റിയാസി ജില്ലയിൽ ഏഴ് പേരും, റംബാൻ ജില്ലയിലെ ദ്രുപ്ദ ഗ്രാമത്തിൽ മൂന്ന് പേരുമാണ് മരിച്ചത്. രണ്ട് പേരെ കാണാതായി. കേന്ദ്ര - സംസ്ഥാന ദുരന്ത നിവാരണ സേനകൾ രക്ഷാപ്രവർത്തനം തുടരുകയാണ്.

✪✪✪

അമീബിക്ക് മസ്തിഷ്ക ജ്വരം തടയാൻ സംസ്ഥാനത്ത് 'ജലമാണ് ജീവൻ' ക്യാമ്പയിന് തുടക്കമായി. ഇന്നും നാളെയും സംസ്ഥാനത്തെ മുഴുവൻ വീടുകളിലേയും സ്ഥാപനങ്ങളിലേയും കിണറുകൾ ക്ലോറിനേറ്റ് ചെയ്യും. ജലസംഭരണ ടാങ്കുകൾ കഴുകി വൃത്തിയാക്കുകയും ചെയ്യും. ആരോഗ്യ

വകുപ്പ്, തദ്ദേശ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ, ജലവിഭവ വകുപ്പ് എന്നിവയുടെ നേതൃത്വത്തിലാണ് ജനകീയ ക്യാമ്പയിൻ നടത്തുന്നത്.

✪✪✪

കണ്ണൂർ കണ്ണപുരം കീഴറയിലെ വാടക വീട്ടിൽ പുലർച്ചെ രണ്ടോടെ ഉണ്ടായ ബോംബ് സ്ഫോടനത്തിൽ മരിച്ചത് കണ്ണൂർ ചാലാട് സ്വദേശി മുഹമ്മദ് ഹാഷാമാണെന്ന് തിരിച്ചറിഞ്ഞു. ഇയാൾ ഉറങ്ങിക്കിടക്കുമ്പോഴായിരുന്നു അപകടം എന്ന് കരുതുന്നു. വീടിന്റെ ഒരു ഭാഗം പൂർണമായി തകർന്നിട്ടുണ്ട്. സമീപത്തെ വീടുകൾക്കും കേടു പറ്റിയിട്ടുണ്ട്

കീഴറയിലെ റിട്ട. അധ്യാപകന്റെ ഉടമസ്ഥതയിലുള്ള വീട് പടുവിലായി സ്വദേശി അനൂപ് മാലിക്ക് ആണ് വാടകയ്ക്ക് എടുത്തതെന്ന് പോലീസ് പറഞ്ഞു. സംഭവത്തെക്കുറിച്ച് ക്രൈംബ്രാഞ്ച് എസിപി അന്വേഷിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു

CPIM കണ്ണൂർ ജില്ലാ സെക്രട്ടറി KK രാഗേഷ്, ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രസിഡണ്ട് മാർട്ടിൻ ജോർജ്, എന്നിവർ സംഭവ സ്ഥലം സന്ദർശിച്ചു.

✪✪✪

മണ്ണിടിച്ചിലുണ്ടായ താമരശ്ശേരി ചുരം വഴി KSRTC ബസുകൾ ഉൾപ്പെടെ വലിയ വാഹനങ്ങൾ നിയന്ത്രണ വിധേയമായി കടത്തിവിട്ട് തുടങ്ങി. ഇരു ഭാഗത്തുനിന്നും വാഹനങ്ങൾ പോലീസ് സഹായത്തോടെ കൃത്യമായ ഇടവേളകളിൽ കടത്തിവിടും. മൾട്ടിആക്സിൽ വാഹനങ്ങൾക്ക് നിരോധനം തുടരും.

മഴ ശക്തമായാൽ ചുരത്തിൽ വീണ്ടും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തുമെന്ന് കോഴിക്കോട് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് അറിയിച്ചു.

ചുരം വ്യൂപോയിന്റിൽ വിനോദസഞ്ചാരികൾക്ക് വിലക്കേർപ്പെടുത്തിയിട്ടുണ്ട്. അവിടെ വാഹനം നിർത്തി സമയം ചിലവഴിക്കുന്നത് കർശനമായി നിരോധിക്കും.

✪✪✪

മൃഗസംരക്ഷണ വകുപ്പിന്റെ 'E-സമൃദ്ധ' സമഗ്ര ഓൺലൈൻ പ്ലാറ്റ്ഫോം അടൂരിൽ മന്ത്രി J ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ 130 മൃഗാശുപത്രികളിൽ E-സമൃദ്ധ പദ്ധതി ഇതോടെ പ്രവർത്തനസജ്ജമാകും. പദ്ധതിയിൽ കർഷകർക്ക് മൃഗ ചികിത്സ മുൻകൂട്ടി ബുക്ക് ചെയ്യാനും,

പരിപാലന സേവനങ്ങൾ നേടാനും കഴിയും. കർഷകർക്കുള്ള മൊബൈൽ ആപ്പ് സമർപ്പണം മന്ത്രി വീണാ ജോർജ് നിർവഹിച്ചു.

മൃഗസംരക്ഷണ വകുപ്പിന്റെ വെറ്ററിനറി ആശുപത്രികൾ ആധുനികവൽക്കരിക്കുക, സൈബർ സംവിധാനത്തിലൂടെ മൃഗചികിത്സ ഏകോപിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഇ-സമൃദ്ധ പദ്ധതി നടപ്പാക്കുന്നത്.

✪✪✪

നശാ മുക്ത് ന്യായ അഭിയാൻ ലഹരി വിരുദ്ധ ക്യാമ്പയിനിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും.

വഴുതക്കാട് ടാഗോർ തീയറ്ററിൽ സുപ്രീകോടതി ജഡ്ജിയും ദേശീയ ലീഗൽ സർവീസ് അതോറിറ്റി എക്സിക്യൂട്ടീവ് ചെയർമാനുമായ ജസ്റ്റിസ് സൂര്യകാന്ത് ഉദ്ഘാടനം ചെയ്യും. ഹൈക്കോടതി ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് നിതിൻ ജംദാർ വിശിഷ്ടാതിഥിയായി പങ്കെടുക്കും. മന്ത്രി MB രാജേഷ് മുഖ്യപ്രഭാഷണം നടത്തും.

✪✪✪

ഇന്ന് ദേശീയ ചെറുകിട വ്യവസായ ദിനം. ചെറുകിട മേഖലയുടെ വളർച്ച പ്രോത്സാഹിപ്പിക്കുക, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് പിന്തുണ നൽകുക എന്നിവയാണ് ദിനാചരണ ലക്ഷ്യം.

✪✪✪

ആനക്കാംപൊയിൽ-മേപ്പാടി തുരങ്കപാതയുടെ നിർമ്മാണം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കോഴിക്കോട് - വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന 8.73 കിലോമീറ്റർ നാല് വരി തുരങ്കപാതയാണ് നിർമ്മിക്കുന്നത്. കൊങ്കൺ റെയിൽവെ കോർപ്പറേഷനാണ് നിർമ്മാണ ചുമതല. പൊതുമരാമത്ത് വകുപ്പിനാണ് പദ്ധതിയുടെ മേൽനോട്ട ചുമതല. കിഫ്ബി ഫണ്ടിൽ നിന്ന് 2,134 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന പദ്ധതിക്ക് കേന്ദ്രപരിസ്ഥിതി മന്ത്രാലയം ജൂൺ 18ന് അന്തിമാനുമതി നൽകിയിരുന്നു.

✪✪✪

കോഴിക്കോട് NITയുടെ 21-ാം ബിരുദദാന ചടങ്ങ് വൈകിട്ട് ക്യാമ്പസിൽ നടത്തും. രബീന്ദ്രനാഥ ടാഗോർ ഓഡിറ്റോറിയത്തിൽ 1,910 വിദ്യാർത്ഥികൾ ബിരുദം ഏറ്റുവാങ്ങും. കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി ഡോ. സുകാന്ത മജുംദാർ മുഖ്യാതിഥിയായി പങ്കെടുത്ത് ബിരുദദാന പ്രഭാഷണം നടത്തും. L&T ഡയറക്ടർ T മാധവ ദാസ് വിശിഷ്ടാതിഥിയായിരിക്കും.

✪✪✪

ഓളപ്പരപ്പിലെ ഒളിമ്പിക്സ് എന്നറിയപ്പെടുന്ന നെഹ്റു ട്രോഫി ജലോത്സവം ആലപ്പുഴയിലെ പുന്നമടക്കായലിൽ നടക്കുകയാണ്. ഉച്ചക്ക് 2 ന് മന്ത്രി PA മുഹമ്മദ് റിയാസ് വള്ളംകളി ഉദ്ഘാടനം ചെയ്യും. സിംബാബ്‌വെ വ്യവസായ വാണിജ്യ ഡെപ്യൂട്ടി മന്ത്രി രാജേഷ് കുമാർ ഇന്ദുകാന്ത് മോദിയാണ് മുഖ്യ അതിഥി. ആലപ്പുഴ ജില്ലയ്ക്ക് ഇന്ന് പ്രാദേശിക അവധിയും നൽകിയിട്ടുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രവികുമാർ........

........വോയ്സ്...........

✪✪✪

സാഫ് അണ്ടർ 17 വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യ ഇന്ന് തിംഫുവിൽ ബംഗ്ലാദേശിനെ നേരിടും. ഇന്നലെ ഇന്ത്യ നേപ്പാളിനെ മറുപടിയില്ലാത്ത 5 ഗോളിന് പരാജയപ്പെടുത്തി.

✪✪✪

കാലിക്കറ്റ് സർവകലാശാലയിൽ അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ആലോചനായോഗം തുടങ്ങി. മന്ത്രി V. അബ്ദുറഹ്മാൻ, വൈസ് ചാൻസലർ ഡോ. P രവീന്ദ്രൻ, സിൻഡിക്കേറ്റ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കുന്നു. സ്റ്റേഡിയത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് കിഫ്ബിയിൽ നിന്നും 125 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്നതിനെതിരേ സേവ് യൂണിവേഴ്സിറ്റി കാംപെയ്ൻ കമ്മിറ്റി രംഗത്തു വന്നിട്ടുണ്ട്.

✪✪✪

കാഴ്ചാ വൈകല്യം നേരിടുന്ന തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികളുടെ നൈപുണ്യ വികസനത്തിന് തൊഴിൽ പരിശീലനം തിരുവനന്തപുരം കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈന്റ് ആസ്ഥാനത്ത് ആരംഭിച്ചു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സ്വകാര്യ സംരംഭങ്ങളിൽ തൊഴിലവസരം ലഭ്യമാക്കാൻ തുടർനടപടിയെടുക്കുമെന്ന് KFB സംസ്ഥാന ജനറൽ സെക്രട്ടറി KM അബ്ദുൾ ഹക്കീം അറിയിച്ചു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ ഈ വർഷത്തെ ഓണം വാരാഘോഷ പരിപാടികൾ അടുത്തമാസം 3 മുതൽ 9 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കും.

ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന വാരാഘോഷം ബുധനാഴ്ച വൈകിട്ട് കനകക്കുന്ന് നിശാഗന്ധിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

അയ്യപ്പസംഗമം എങ്ങനെ നടത്തണം ആരെയൊക്കെ ക്ഷണിക്കണമെന്ന് CPI(M) തീരുമാനിക്കുന്നത് അപകടകരമായ നീക്കമാണെന്ന് മുതിർന്ന BJP നേതാവ് കുമ്മനം രാജശേഖരൻ പറഞ്ഞു. പ്രിവിലേജ് കാർഡുൾപ്പടെ ഇറക്കി എക്സ്പോ പോലെ അയ്യപ്പസംഗമം സംഘടിപ്പിക്കുന്നത് ധനപരമായ താത്പര്യത്തോടെയാണെന്നും കുമ്മനം കൊല്ലത്ത് വാർത്താസമ്മേളനത്തിൽ ആരോപിച്ചു. NSS ഭക്തരുടെ വികാരം മാനിക്കണമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് മഴ തുടരുന്നു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി.

കർണാടക തീരത്ത് 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും, മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കണ്ണൂർ ആറളം ഫാം പുനരധിവാസ മേഖലയിൽ ബ്ലോക്ക് 10 ലെ കോട്ടപ്പാറയിൽ ആനയുടെ അസ്ഥികൂടവും അവശനിലയിലായ കുട്ടിയാനയെയും കണ്ടെത്തി. ആനയുടെ അസ്ഥികൂടം ചിതറിയ നിലയിലാണ്. കുട്ടിയാനക്ക് മൂന്നു വയസ്സ് പ്രായം വരും. വനപാലകസംഘമാണ് പട്രോളിങ്ങിനിടെ വീണു കിടക്കുന്ന നിലയിൽ അവശയായ കുട്ടിയാനയെയും സമീപത്ത് ആനയുടെ അസ്ഥികൂടവും കണ്ടെത്തിയത്. ആറളം ഫാമിൽ 2 മാസം മുൻപും കാട്ടാനയെ ചെരിഞ്ഞ നിലയിൽ കണ്ടെത്തിയിരുന്നു.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: സബിത ആനന്ദ്*
*NRTs: പ്രവീൺ*
*DEO : സി കെ സുബോധ്*